**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1224** **04-07-2022 - ൽ മറുപടിയ്ക്ക്**

**താഴെ തിരുവമ്പാടി-കുമാരനെല്ലൂർ-മണ്ടാംകടവ് റോഡ് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സമയബന്ധിതമായി പ്രവൃത്തി നടത്താൻ തയ്യാറാകാതിരുന്നതിനാൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത താഴെ തിരുവമ്പാടി-കുമാരനെല്ലൂർ-മണ്ടാംകടവ് റോഡ് ആദ്യറീച്ച് നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | താഴെ തിരുവമ്പാടി - കുമാരനെല്ലൂർ - മണ്ടാംകടവ് റോഡ് ആദ്യറീച്ചിന്റെ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ ബാലൻസ് വർക്ക് അറേഞ്ച് ചെയ്യാനായി ബാലൻസ് എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും പുതുക്കിയ എസ്റ്റിമേറ്റിൽ അപാകത ഉണ്ടായിരുന്നതിനാൽ പരിഹരിക്കുന്നതിനായി നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും തിരിച്ചു നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെർമിനേറ്റ് ചെയ്ത നടപടിക്കെതിരെ കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ WP(C)നം.14323/2022 ഫയൽ ചെയ്യുകയും കോടതി 22.04.2022-ന് ടെർമിനേഷൻ നടപടിക്കെതിരായി 2 മാസം സ്റ്റേ അനുവദിക്കുകയും ചെയ്തിരുന്നു. സ്റ്റേ കാലാവധി 21.06.2022-ന് അവസാനിച്ചു. റിട്ട് പെറ്റീഷനെതിരെ കൗണ്ടർ അഫിഡവിറ്റ് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | സ്റ്റേ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് ബാലൻസ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ